REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-04-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ലഹരിക്ക് എതിരെ ശക്തമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന് മന്ത്രി MB രാജേഷ്.**
- **സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷത്തിനും എന്റെ കേരളം പ്രദർശന വിപണന മേളയ്ക്കും നാളെ കാസർക്കോട്ട് തുടക്കമാകും.**
- **സംസ്ഥാനത്തെ പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ വിതരണം ബുധനാഴ്ച തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **പ്രത്യാശയുടെ സന്ദേശവുമായി ഇന്ന് ഈസ്റ്റർ. ദേവാലയങ്ങളിൽ പ്രത്യേക തിരുകർമ്മങ്ങളും കുർബാനയും.**
- **സൂപ്പർ കപ്പ് ഫുട്ബോൾ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ഭുവനേശ്വറിൽ കേരളാ ബ്ലാസ്റ്റേഴ്സ്, ഈസ്റ്റ് ബംഗാളിനെ നേരിടും.**

## വാർത്തകൾ വിശദമായി

ലഹരിക്ക് എതിരെ ശക്തമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. പോലീസും എക്സൈസും യുദ്ധ സന്നാഹത്തോടെയാണ് ലഹരിയെ നേരിടുന്നത്. സിനിമയടക്കം ഏതെങ്കിലും മേഖലക്ക് ഇതിൽ പ്രത്യേക പരിഗണനയോ പ്രത്യേക ഇളവോ നൽകില്ലെന്നും മന്ത്രി കൊച്ചിയിൽ മാധ്യമങ്ങളോട് വ്യക്തമാക്കി.

ലഹരിയിൽ നിന്ന് നാടിനെ പൂർണമായും രക്ഷിക്കുകയാണ് ലക്ഷ്യം. സാമൂഹിക വിപത്തായാണ് ലഹരിയെ കാണുന്നത്. അതുകൊണ്ട് തന്നെ അതിനെ ഉരുക്കുമുഷ്ടിയോടെ നേരിടുമെന്നും മന്ത്രി പറഞ്ഞു.

സിനിമ മേഖലയിലെ ലഹരി പ്രശ്നം തുറന്നുപറഞ്ഞ നടി വിൻസി അലോഷ്യസുമായി സംസാരിച്ചിരുന്നുവെന്നും അവരുടെ നടപടിയെ അഭിനന്ദിക്കുന്നുവെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷവും എന്റെ കേരളം പ്രദർശന വിപണന മേളയും മുഖ്യമന്ത്രി പിണറായി വിജയൻ നാളെ രാവിലെ കാസർക്കോട്ടെ പിലിക്കോട് കാലിക്കടവ് മൈതാനത്ത് ഉദ്ഘാടനം ചെയ്യും. എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്ന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനമാണിത്. വാർഷികാഘോഷത്തിന്റെ ഭാഗമായി ഒരുക്കുന്ന ഒരാഴ്ച നീളുന്ന പ്രദർശന വിപണന മേളയിൽ സെമിനാറുകളും സാംസ്ക്കാരിക പരിപാടികളും ഉണ്ടായിരിക്കും. നാളെ സർവെ വകുപ്പ് , ഡിജിറ്റൽ സർവെ - വെല്ലുവിളികൾ, നേട്ടങ്ങൾ എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കും.

✪✪✪

സംസ്ഥാനത്തെ പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ വിതരണം ഈ മാസം 23ന് ഉച്ചയ്ക്ക് തിരുവനന്തപുരം കോട്ടൺഹിൽ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പുസ്തകങ്ങളുടെ പ്രകാശനത്തിന് ശേഷമായിരിക്കും ഉദ്ഘാടന ചടങ്ങെന്ന് മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പത്താം ക്ലാസിലെ പുതുക്കിയ പാഠപുസ്തകങ്ങൾ ഒമ്പതാം ക്ലാസ് പരീക്ഷ കഴിയുന്നതിന് മുമ്പ് തന്നെ സ്കൂളുകളിൽ എത്തിക്കാനും വിതരണം ചെയ്യാനും സാധിച്ചു. കഴിഞ്ഞ വർഷം പരിഷ്കരിച്ച ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത് ക്ലാസിലെ പുസ്തകങ്ങളും ഈ വർഷം പരിഷ്കരിച്ച രണ്ട്, നാല്, ആറ്, എട്ട് ക്ലാസിലെ പുസ്തകങ്ങളും ചടങ്ങിൽ വിതരണം ചെയ്യും. മെയ് പത്തോടെ മുഴുവൻ പാഠപുസ്തകങ്ങളും സ്കൂളുകളിൽ എത്തിക്കും.

പുതുക്കിയ പാഠപുസ്തകങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സംസ്ഥാനത്തെ മുഴുവൻ അധ്യാപകർക്കും അഞ്ച് ദിവസത്തെ പരിശീലന പരിപാടി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കും. മെയ് 13ന് ഇതിനായി ക്ലാസുകൾ തുടങ്ങുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

സഹകരണ എക്സ്പോ മൂന്നാം പതിപ്പ് നാളെ തിരുവനന്തപുരത്ത് കനകക്കുന്ന് പാലസ് ഗ്രൗണ്ടിൽ ആരംഭിക്കും. ബുധനാഴ്ച വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ എക്സ്പോ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും.

ഈ മാസം 30 വരെ നീളുന്ന എക്സ്പോയിൽ 260 സ്റ്റാളുകളിലായി 400 ൽ പരം സഹകരണ ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും നടക്കും.

✪✪✪

BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പങ്കെടുക്കുന്ന വികസിത കേരളം കൺവെൻഷനുകളും ജില്ലാ നേതൃയോഗങ്ങളും നാളെ ആരംഭിക്കും. മെയ് 10 വരെ നീളുന്ന പരിപാടികളിൽ കേരളത്തിലെ 30 സംഘടനാ ജില്ലകളിലും സംസ്ഥാന അധ്യക്ഷൻ പ്രവർത്തകരെ അഭിസംബോധന ചെയ്യും.

✪✪✪

17-ാമത് സിവിൽ സർവീസ് ദിനത്തിൽ നാളെ പ്രധാനമന്ത്രി നരേന്ദ്രമോദി ഗവൺമെന്റ് ജീവനക്കാരെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും. പൊതു ഭരണത്തിലെ മികവിന് പ്രധാമന്ത്രിയുടെ പുരസ്കാരങ്ങളും അദ്ദേഹം സമ്മാനിക്കും. ഈ വർഷം 16 പേർക്കാണ് പുരസ്കാരം സമ്മാനിക്കുന്നത്.

✪✪✪

രണ്ട് ദിവസത്തെ സൗദി അറേബ്യ സന്ദർശനത്തിന്റെ ഭാഗമായി ചൊവ്വാഴ്ച പ്രധാനമന്ത്രി നരേന്ദ്രമോദി ജിദ്ദയിലെത്തും. കഴിഞ്ഞ 40 വർഷത്തിനിടെ ആദ്യമായി ജിദ്ദയിലെത്തുന്ന ഇന്ത്യൻ പ്രധാനമന്ത്രിയാണ് നരേന്ദ്രമോദി. ഇന്ത്യ - സൗദി അറേബ്യ ബന്ധങ്ങൾ കൂടുതൽ ശക്തമാക്കാനും സാമ്പത്തിക - സുരക്ഷാ - സാംസ്കാരിക രംഗങ്ങളിൽ തന്ത്രപരമായ ബന്ധങ്ങളിൽ ഗുണപരമായ പങ്കാളിത്തം ഉറപ്പുവരുത്താനും സന്ദർശനം വഴിയൊരുക്കുമെന്നാണ് വിലയിരുത്തൽ.

✪✪✪

നാല് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് U.S വൈസ് പ്രസിഡന്റ് J.D.വാൻസ് നാളെ ഇന്ത്യയിലെത്തും. വാൻസിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി അദ്ദേഹം നാളെ കൂടിക്കാഴ്ച നടത്തും. U.S വൈസ് പ്രസിഡന്റും അദ്ദേഹത്തിന്റെ പ്രതിനിധി സംഘവും ഡൽഹിയിൽ മറ്റ് പരിപാടികളിലും പങ്കെടുക്കും. ജയ്പൂർ, ആഗ്ര എന്നിവിടങ്ങളിലും സംഘം സന്ദർശനം നടത്തും.

✪✪✪

ധനമന്ത്രി നിർമല സീതാരാമന്റെ അമേരിക്ക- പെറു സന്ദർശനം ഇന്ന് ആരംഭിക്കും. രണ്ട് ദിവസത്തെ സാൻഫ്രാൻസിസ്കോ സന്ദർശനത്തിനിടെ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലെ ഹുവർ ഇൻസ്റ്റിറ്റ്യൂട്ടിൽ വ്യവസായ പ്രമുഖരുടേയും, ഫണ്ട് മാനേജ്മെന്റ് - IT സ്ഥാപനങ്ങളുടെയും CEO മാരെ അവർ കാണും.

✪✪✪

പാർലമെന്റ് പാസാക്കിയ വഖഫ് ഭേദഗതി നിയമത്തിന്റെ ഗുണവശങ്ങളെക്കുറിച്ച് ഇന്ന് മുതൽ മെയ് അഞ്ച് വരെ BJP ദേശീയ തല പ്രചാരണ പരിപാടി സംഘടിപ്പിക്കും. മുസ്ലീം സമുദായത്തെ കേന്ദ്രീകരിച്ചായിരിക്കും പ്രചാരണം.

പ്രതിപക്ഷ കക്ഷികൾ വഖഫ് ഭേദഗതി നിയമത്തിലെ വ്യവസ്ഥകളെ കുറിച്ച് മുസ്ലീങ്ങൾക്കിടയിൽ തെറ്റിദ്ധാരണ ജനിപ്പിക്കുകയാണെന്ന് ഈ മാസം പത്തിന് ന്യൂഡൽഹിയിൽ ചേർന്ന BJP ഭാരവാഹികളുടെ ശില്പശാലയിൽ വിലയിരുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് വിപുലമായ ബോധവത്കരണത്തിന് BJP തീരുമാനമെടുത്തത്.

✪✪✪

പ്രത്യാശയുടെ സന്ദേശവുമായി ക്രൈസ്തവ വിശ്വാസികൾ ഇന്ന് ഈസ്റ്റർ ആഘോഷിക്കുന്നു. യേശുദേവന്റെ ഉയിർപ്പ് തിരുന്നാൾ തിരുകർമ്മങ്ങൾ ദേവാലയങ്ങളിൽ ഇന്നലെ രാത്രി തന്നെ ആരംഭിച്ചു.

അൻപത് നോമ്പാചരണത്തിന്റെ സമാപനം കൂടിയാണ് ഈസ്റ്റർ. ഓശാന ഞായർ മുതൽ ആരംഭിച്ച വിശുദ്ധ വാരാചരണത്തിനും ഇന്ന് സമാപനമാകും.

രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗദീപ് ധൻഖറും പ്രധാനമന്ത്രി നരേന്ദ്രമോദിയും ഈസ്റ്റർ ആശംസകൾ നേർന്നു.

ഓരോ വ്യക്തിയിലും ഉയിർപ്പ് തിരുന്നാൾ പ്രത്യാശയും നവീകരണവും അനുകമ്പയും പ്രചോദിപ്പിക്കട്ടെയെന്നും എല്ലായിടത്തും സന്തോഷവും ഐക്യവുമുണ്ടാവട്ടെയെന്നും പ്രധാനമന്ത്രി സമൂഹമാധ്യമപോസ്റ്റിൽ ആശംസിച്ചു.

✪✪✪

കോഴിക്കോട് ദേവമാതാ കത്തീഡ്രലിൽ ഉയിർപ്പ് തിരുകർമങ്ങൾക്ക്, അതിരൂപതാ ആർച്ച് ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കൽ മുഖ്യ കാർമികനായി.

✪✪✪

ഈസ്റ്ററിനോട് അനുബന്ധിച്ച് തലശ്ശേരി സെൻറ് ജോസഫ് കത്തീഡ്രലിൽ പുലർച്ചെ മൂന്നു മണിയോടെ ആരംഭിച്ച ചടങ്ങുകൾക്ക് ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി നേതൃത്വം നൽകി.

കണ്ണൂരിൽ ബിഷപ്പ് അലക്സ് വടക്കുംതലയുടെ നേതൃത്വത്തിലായിരുന്നു തിരുകർമ്മങ്ങൾ.

✪✪✪

ഈസ്റ്റർ ദിനത്തിൽ തൃശ്ശൂരിലെ പുത്തൻപള്ളി, ഒല്ലൂർ പള്ളി എന്നിവിടങ്ങളിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി സന്ദർശനം നടത്തി.

തൃശ്ശൂർ അതിരൂപത ബിഷപ്പ് ഹൌസിൽ എത്തിയ സുരേഷ് ഗോപിയെ, ബിഷപ്പ്, മാർ ആൻഡ്രൂസ് താഴത്ത് സ്വീകരിച്ചു.

ഈസ്റ്റർ ദിന സന്ദേശം പകർന്ന് ഇരുവരും പരസ്പരം മധുരം കൈമാറി. BJP ജില്ലാ നേതാക്കളായ ജസ്റ്റിൻ ജേക്കബ്, KR ഹരി എന്നിവർ പങ്കുചേർന്നു.

✪✪✪

ഈസ്റ്റർ ദിനത്തിൽ കർദിനാൾ മാർ ആലഞ്ചേരിയെ സന്ദർശിച്ച് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ ആശംസകൾ നേർന്നു. പാളയം ലൂർദ് ഫെറോന പള്ളിയിലെത്തിയാണ് അദ്ദേഹം ആലഞ്ചേരിയെ കണ്ടത്. വഖഫ് ബിൽ നടപ്പാക്കപ്പെടുമ്പോൾ മുനമ്പത്ത് പരിഹാരമുണ്ടാകുമെന്ന് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. മുനമ്പം വിഷയം ആരാണ് പരിഹരിക്കുന്നതെന്ന് കാത്തിരുന്നു കാണാമെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്രമന്ത്രിയുടെ സന്ദർശനം അനൗദ്യോഗിക കൂടിക്കാഴ്ചയായിരുന്നുവെന്ന് കർദിനാൾ മാർ ആലഞ്ചേരി പറഞ്ഞു. മുനമ്പം വിഷയം പരിഹരിക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ശ്രമിക്കുന്നുണ്ടെന്നും അത് പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷയുണ്ടെന്നും കർദിനാൾ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് ദിനത്തിൽ കണ്ണൂർ ജില്ലയിലെ ദേവാലയങ്ങളിൽ അതിരാവിലെ മുതൽ തിരുകർമ്മങ്ങൾക്ക് തുടക്കമായി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ.

.......വോയ്സ്.........

ജില്ലയിലെ വിവിധ ദേവാലയങ്ങളിൽ പുലർച്ചെ മുതൽ തന്നെ പ്രത്യേക പ്രാർത്ഥനകളും ദിവ്യബലിയും നടന്നു.തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രലിൽ

പുലർച്ചെ മൂന്നു മണിക്ക് ആരംഭിച്ച് തിരുകർമ്മങ്ങൾക്ക് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി  നേതൃത്വം നൽകി. സഹജീവികളോട് കരുണ കാണിക്കാൻ നാം സ്വയം പ്രാപ്തരവണമെന്ന് അദ്ദേഹം പ്രാർത്ഥനാ യോഗത്തിൽ പറഞ്ഞു. കണ്ണൂർ ബർണ്ണശ്ശേരി ഹോളി ട്രിനിറ്റി കത്തീഡ്രലിൽ ഇന്നലെ രാത്രി ഉയിർപ്പിന്റെ ദൃശ്യാവിഷ്കാരമുണ്ടായി. ബിഷപ്പ് ഡോ.അലക്സ് വടക്കുംതല കാർമ്മികത്വം വഹിച്ചു.ഇന്ന് രാവിലെ ദിവ്യബലിയുമുണ്ടായി. തെക്കിബസാർ ഹോളി ഫാമിലി ചർച്ച് ശ്രീപുരം സെന്റ് മേരീസ് ചർച്ച്, മേലെ ചൊവ്വ സെന്റ് ഫ്രാൻസിസ് അസീസി ചർച്ച് എന്നിവടങ്ങിൽ പ്രാർഥനാ യോഗങ്ങളിൽ നിരവധി വിശ്വാസികൾ പങ്കെടുത്തു.

✪✪✪

സൂപ്പർ കപ്പ് ഫുട്ബോൾ മത്സരങ്ങൾക്ക് ഇന്ന് ഭുവനേശ്വറിൽ തുടക്കമാകും. കലിംഗ സ്റ്റേഡിയത്തിൽ രാത്രി എട്ടിന് ഉദ്ഘാടന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ്, നിലവിൽ ജേതാക്കളായ ഈസ്റ്റ് ബംഗാളിനെ നേരിടും.

സ്പാനിഷ് പരിശീലകൻ ഡേവിഡ് കറ്റാലയുടെ പരിശീലനത്തിനു കീഴിൽ, കേരള ബ്ലാസ്റ്റേഴ്സിന്റെ ആദ്യ മത്സരമാണ് ഇന്നത്തേത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് മൂന്നരക്ക് ചണ്ഡിഗഢിൽ ആദ്യ മത്സരത്തിൽ പഞ്ചാബ് കിങ്സ്, റോയൽ ചാലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും.

മറ്റൊരു മത്സരത്തിൽ വൈകിട്ട് ഏഴരക്ക് മുംബൈയിൽ മുംബൈ ഇന്ത്യൻസ്, ചെന്നൈ സൂപ്പർ കിങ്സുമായി ഏറ്റുമുട്ടും.

✪✪✪

28-ാമത് ദേശീയ ഫെഡറേഷൻ കപ്പ് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് നാളെ എറണാകുളം മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ തുടക്കമാകും. ഒളിമ്പ്യൻമാർ ഉൾപ്പെടെ 580 കായിക താരങ്ങൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും.

✪✪✪

CPIM എറണാകുളം ജില്ലാ സെക്രട്ടറിയായി S സതീഷിനെ തെരഞ്ഞെടുത്തു. പാർട്ടി സംസ്ഥാന സെക്രട്ടറി MV ഗോവിന്ദന്റെ നേതൃത്വത്തിൽ ചേർന്ന ജില്ലാ കമ്മിറ്റി യോഗത്തിലായിരുന്നു തെരഞ്ഞെടുപ്പ്. സംസ്ഥാന യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാനായി പ്രവർത്തിച്ചുവരികയാണ്.

✪✪✪

കോഴിക്കോട് താമരശ്ശേരിയിൽ പത്താം ക്ലാസ് വിദ്യാർഥി ഷഹബാസ് കൊല്ലപ്പെട്ട സംഭവത്തിൽ അടുത്തമാസം അവസാനത്തോടെ കുറ്റപത്രം സമർപ്പിക്കുമെന്ന് അന്വേഷണ ഉദ്യോഗസ്ഥർ അറിയിച്ചു. കേസിൽ കുറ്റാരോപിതരായ ആറ് വിദ്യാർഥികൾ നിലവിൽ ഒബ്സർവേഷൻ ഹോമിലാണ്. ഇവരുടെ ജാമ്യാപേക്ഷ ജുവനൈൽ ജസ്റ്റീസ് ബോർഡും ജില്ലാ കോടതിയും തള്ളിയിരുന്നു.

✪✪✪

*News Reader: സയ്യിദ് അലി ശിഹാബ്*
*News Team:, അനിൽ ചന്ദ്രൻ, ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*